D3AML2402 (2 Pages) Name............................
Reg.No..........................

# THIRD SEMESTER M. A. DEGREE EXAMINATION, NOVEMBER 2025
(Regular/Improvement/Supplementary)

## MALAYALAM
## FMAL3C10 - മലയാള സാഹിത്യ വിമർശനം

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക . ഓരോന്നിനും 2 വെയിറ്റേജ് വീതം.**

1. സാഹിത്യവിമർശനത്തിന്റെ പ്രധാന ധർമങ്ങൾ വിവരിച്ച് വിവിധ വിമർശനവിഭാഗങ്ങൾ പരിചയപ്പെടുത്തുക.
2. നിരൂപണത്തിലെ നിഷ്പക്ഷതയെന്ന കള്ളനാണയത്തെ മാരാർ നിരീക്ഷിക്കുന്നത് എപ്രകാരമാണ്?
3. ഇടശ്ശേരിക്കവിതകളിൽ കാണുന്ന കുട്ട്യേടത്തിമനോഭാവത്തെപ്പറ്റിയുള്ള എം. പി. ശങ്കുണ്ണിനായരുടെ കാഴ്ചപ്പാടുകൾ ക്രോഡീകരിക്കുക.
4. 'സാക്ഷരതനേടുന്ന സമൂഹത്തിൽ ഒറ്റപ്പെട്ട വായനക്കാരൻ ജനിക്കുന്നു'. അക്ഷരവും ആധുനികതയും എന്ന ലേഖനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.
5. കൊളോണിയൽ ആധുനികതയുടെ ഉഭയാവസ്ഥയിൽ ഉരുവംകൊണ്ട ചിത്രഭാഷ്യമാണ് 'ഹംസവും ദമയന്തിയും'. വിശദീകരിക്കുക.
6. മലയാളവിമർശനത്തിന്റെ ക്ലാസിക്, നിയോക്ലാസിക് ഘട്ടങ്ങളുടെ സവിശേഷതകൾ അടയാളപ്പെടുത്തുക.
7. സാഹിത്യത്തിൽ വക്രീകരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക . ഓരോന്നിനും 3 വെയിറ്റേജ് വീതം.**

8. 'സരസ്വതീവിജയം' വിമർശനത്തിന്റെ സവിശേഷതകൾ വിവരിക്കുക.
9. മാരാരുടെ വിമർശപദ്ധതിയുടെ സവിശേഷതകൾ വിലയിരുത്തുക.
10. രവിവർമ്മചിത്രങ്ങളിൽ പ്രകൃതി ഒരു പ്രതിപാദ്യവിഷയമല്ല. എന്നിട്ടും ഹംസദമയന്തിപോലുള്ള ഏതാനും ചിത്രങ്ങളിലെ പശ്ചാത്തലപ്രകൃതിയെ അടിസ്ഥാനമാക്കി സുനിൽ പി. ഇളയിടം നടത്തുന്ന വിമർശനത്തിന്റെ സാംഗത്യമെന്താണ്?
11. ഉച്ച ആധുനികതയുടെ വിമർശനസംസ്കാരമെന്ന നിലയിൽ 'ആധുനികതയുടെ ചുവന്നവാൽ' എന്ന ലേഖനത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.
12. ചരിത്രത്തിന്റെ വിടവുകളെ കവിത എങ്ങനെയാണ് നികത്തുന്നത്? വിശകലനം ചെയ്യുക.
13. ഇന്ത്യൻ കലകളിലും സാഹിത്യത്തിലും ഫ്യൂച്ചറിസത്തിനുള്ള പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കുക.
14. മനഃശാസ്ത്ര നിരൂപണത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

**(4 x 3= 12 വെയ്റ്റേജ്)**

(തുടർച്ച...2)

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക . ഓരോന്നിനും 5 വെയിറ്റേജ് വീതം.**

15. ഇരുപതാംനൂറ്റാണ്ടിലെ ഗദ്യവളർച്ചയിൽ വിമർശനം വഹിച്ച പങ്ക് വിശകലനം ചെയ്യുക.
16. മലയാള വിമർശനത്തെ സ്വാധീനിച്ച പാശ്ചാത്യ സങ്കല്പനങ്ങൾ പരിചയപ്പെടുത്തുന്നതിൽ കേസരി ബാലകൃഷ്ണപിള്ളയുടെ പങ്ക് വ്യക്തമാക്കുക.
17. സാഹിത്യേതരമായ സമീപനരീതികൾ സാഹിത്യവിമർശനത്തെ പരിപോഷിപ്പിക്കുമോ? നിങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെക്കുക.
18. ഇക്കോക്രിട്ടിസിസം എന്ന നിലയിൽ 'പ്രൗഢദേശീയതയുടെ സ്ഥലരൂപക'മെന്ന നിരൂപണത്തിന്റെ സാധ്യതകൾ വിശകലനംചെയ്യുക.

**(2 x 5= 10 വെയ്റ്റേജ്)**